പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1506 — 02.07.2015 ലെ മറുപടിയ്ക്ക്

## കൃഷി വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ലോക പരിസ്ഥിതി ദിനത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത്; | (എ) ലോക പരിസ്ഥിതി ദിനത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ പ്രത്യേകമായി പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (ബി) | കാർഷിക മേഖലയിൽ നടത്താൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) കൃഷി വകുപ്പ് മുഖേന കാർഷിക മേഖലയിൽ ആധുനിക കാർഷിക സങ്കേതങ്ങൾ പരിചയപ്പെടുത്തുന്നതിനും അത് വ്യാപിപ്പിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷം മുതൽ ഹൈടെക് അഗ്രിക്കൾച്ചർ എന്ന പദ്ധതി നടപ്പാക്കി വരികയാണ്. കൃഷിഭൂമിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്ന കേരളം പോലുള്ള സംസ്ഥാനത്ത് കൃഷി ചെയ്യുന്ന സ്ഥലത്തു നിന്നും പരമാവധി ഉല്പാദനം ലഭിക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന് സഹായിക്കുന്ന പോളിഹൗസ് കൃഷിക്ക് പോളിഹൗസ് നിർമ്മിക്കുന്നതിനുള്ള ചെലവിന്റെ 75 % (ഒരു ചതുരശ്രമീറ്ററിന് 935 രൂപ ചെലവ് കണക്കാക്കിക്കൊണ്ട്) ധനസഹായമായി നൽകുന്നു. പച്ചക്കറിവിളകൾ, പുഷ്പകൃഷി എന്നിവയാണ് പ്രധാനമായും പോളിഹൗസിൽ കൃഷി ചെയ്യുന്നത്.<br><br>2014-15 സാമ്പത്തിക വർഷം മുതൽ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് കൃഷി രീതികളായ റെയിൻ ഷെൽട്ടർ (മഴമറ), ഫെർട്ടിഗേഷൻ എന്നീ നൂതന കാർഷിക രീതികൾക്കും ധനസഹായം നൽകിവരുന്നു. സൂക്ഷ്മ ജലസേചനവും ആ ജലത്തിലൂടെ വളപ്രയോഗവും ഒരുമിച്ച് പ്രാവർത്തികമാക്കുന്ന സംവിധാനമാണ് ഫെർട്ടിഗേഷൻ. കൂടാതെ പരീക്ഷണാർത്ഥം പച്ചക്കറികളുടെ ഹൈബ്രിഡ് വിത്തുകൾ കൃഷി ചെയ്ത് അതിന്റെ ഉല്പാദനക്ഷമത നാടൻ വിത്തുകളുമായി താരതമ്യ പഠനം നടത്തുന്നതിനും കർഷകരെ നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതിനുമുള്ള ട്രയൽ രീതിയും നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**